(സി) ഉരുട്ടിക്കൊണ്ടു പോകുന്ന വാഹനങ്ങൾ കൂടുതൽ സ്ഥലം അപഹരിക്കുമെന്ന വസ്തുത കണക്കിലെടുത്ത് ഇത് തടയാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഡി) വൺവേ ട്രാഫിക്കിലെ വാഹനഗതാഗതം നിയന്ത്രിക്കാൻ തിരക്കുള്ള സമയങ്ങളിൽ പോലീസുകാരെ നിയമിക്കുമോ?

ഉത്തരം

(എ) ഗതാഗതം കൂടുതൽ സുഗമമാക്കുവാനും തിരക്കും അപകടങ്ങളും കുറയ്ക്കാനും വേണ്ടിയാണ് വൺവേ ട്രാഫിക്ക് ഏർപ്പെടുത്തിയിരിക്കുന്നത്.

(ബി) തിരുവനന്തപുരത്തെ വൺവേ ട്രാഫിക് റോഡുകളിൽ ലോഡ് കയറിയ സൈക്കിളുകൾ ഉരുട്ടിക്കൊണ്ടു പോകുന്നതുമൂലം ഗതാഗത തടസ്സം ഉണ്ടാകുന്നുണ്ടെങ്കിൽ ഇതിനു പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

(സി) വേണ്ട നടപടികൾ സ്വീകരിക്കാൻ സിറ്റി പോലീസ് കമ്മീഷണർക്കു നിർദ്ദേശങ്ങൾ കൊടുക്കുന്നുണ്ട്.

(ഡി) പോലീസുകാരെ നിയോഗിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ ആദിവാസികളെ മർദ്ദിച്ച സംഭവം

652 [945] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ നടത്ര പഞ്ചായത്തിൽ മുളയം എന്ന സ്ഥലത്തെ ആദിവാസികളെ മർദ്ദിച്ച വല്ല സംഭവവും ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് പറയുമോ;

(സി) മർദ്ദനമേറ്റവരിൽ എത്ര പേരെ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടുവെന്നും അവരുടെ സ്ഥിതി എന്തെന്നും പറയുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 2 കേസ്സുകളിലുംകൂടി 6 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവരിൽ 5 പേരുടെ പരുക്ക് നിസ്സാരമായതിനാൽ ആശുപത്രിയിൽനിന്നും ഡിസ്ചാർജ് ചെയ്തു. ഒരാൾ ഇപ്പോഴും ആശുപത്രിയിൽ ചികിൽസയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly